## കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പ് - ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - പരിഷ് ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഗതാഗത (സി) വകുപ്പ്

സ.ഉ.(കൈ) നം.79/2017/ഗതാഗതം തീയതി, തിരുവനന്തപുരം,10.10.2017.

---

പരാമർശം :- 1) സ.ഉ (എം.എസ്) നം.26/11/ഗതാ. തീയതി 11/05/2011

2) സ.ഉ (എം.എസ്) നം.32/2012/ഗതാ. തീയതി 05/06/2012

3) സ.ഉ (പി) നം.3/2017/ഉ.ഭ.പ.വ. തീയതി 25/02/2017

4) 24/8/2012-ലെ നം.8/12, 3/7/13 ലെ നം.17/2013, 4/2/17 ലെ നം.03/17, 23/5/17 ലെ നം.12/2017 ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറുകൾ

### ഉത്തരവ്

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അംഗീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം 2-ലെ ഉത്തരവ് പ്രകാരം ടി ഉത്തരവിൽ ചില ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 3-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ് ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2.പരാമർശം 3-ലെ ഉത്തരവിലെ ഖണ്ഡിക 13-ൽ നിർദ്ദേശിച്ച പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി ടി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1) പരാമർശം 3-ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മോട്ടോർ വാഹന വകുപ്പിലെ പൊതുവിഭാഗം ജീവനക്കാർക്ക് ബാധകമായിരിക്കും.

2) എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ജോലിയുടെ പ്രത്യേക സ്വഭാവം പരിഗണിച്ചും കാര്യക്ഷമതയുള്ളതും അഴിമതിരഹിതമായതും ആക്ഷേപങ്ങൾ ഇല്ലാത്തതുമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി പരാമർശം 3-ലെ ഉത്തരവിലെ ഖണ്ഡിക 2-ലെ ഉദ്യോഗ കാലദൈർഘ്യം സംബന്ധിച്ച നിബന്ധനകൾ ഒഴികെയുള്ളവ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്കും ബാധകമായിരിക്കും. ഉദ്യോഗ കാലദൈർഘ്യം സംബന്ധിച്ച് താഴെപ്പറയുന്ന

മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത് -

(i) എ.എം.വി.ഐ, എം.വി.ഐ. എന്നിവരുടെ ഒരു സ്റ്റേഷനിലെ തുടർച്ചയായ ഉദ്യോഗ കാലദൈർഘ്യം 2 വർഷം ആയിരിക്കും.

(ii) ജോയിന്റ് ആർ.ടി.ഒ/അസിസ്റ്റന്റ് സെക്രട്ടറി, STA, ആർ.ടി.ഒ/ അസിസ്റ്റന്റ് ട്രാൻസ് പോർട്ട് കമ്മീഷണർ, ഡെപ്യൂട്ടി ട്രാൻസ് പോർട്ട് കമ്മീഷണർ എന്നിവരുടെ ഒരു സ്റ്റേഷനിലെ തുടർച്ചയായ ഉദ്യോഗ കാലദൈർഘ്യം 1 വർഷം ആയിരിക്കും.

(iii) പ്രത്യേക സാഹചര്യങ്ങളിൽ പൊതു താല്പര്യാർത്ഥം ടി വിഭാഗം ജീവനക്കാരെ മാറ്റുന്നതിന് ടി കാല ദൈർഘ്യം ഒരു തടസ്സമാകാൻ പാടില്ല.

(iv) ഒരു തസ്തികയിലോ ഒന്നിലധികം തസ്തികകളിലോ ഒരു ജില്ലയിൽ 5 വർഷത്തിൽ കൂടുതൽ കാലം ജോലി ചെയ്തിട്ടുള്ളവരെ ആ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റേണ്ടതാണ്.

3.വർക്കിംഗ് അറേഞ്ച്മെന്റ് യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ല. നിലവിലുള്ള എല്ലാ വർക്കിംഗ് അറേഞ്ച്മെന്റുകളും ഉടനടി റദ്ദാക്കേണ്ടതാണ്.

4.മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിലേക്കുള്ള സ്ഥലംമാറ്റം സംബന്ധിച്ച് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

i) ചെക്ക്പോസ്റ്റുകളിൽ എം.വി.ഐ, എ.എം.വി.ഐ, ഒ.എ. എന്നിവരെ ഓരോ മൂന്നുമാസം കൂടുമ്പോഴും മാറ്റേണ്ടതാണ്.

ii) ചെക്ക്പോസ്റ്റുകളിലെ നിയമനത്തിന് കളങ്കരഹിതമായ സേവന ചരിത്രം നിർബന്ധമാക്കണം. കൂടാതെ വിജിലൻസ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AVC), ധനകാര്യ (പരിശോധന വിഭാഗം), മോട്ടോർ വാഹനം, ഗതാഗതം എന്നീ വകുപ്പുകളിൽ നിന്നോ ഉള്ള പരിശോധനകളുടെ ഭാഗമായി ചെക്ക്പോസ്റ്റുകളിൽ നിയമിക്കാൻ പാടില്ല എന്ന് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരെ യാതൊരു കാരണവശാലും അവിടെ നിയമിക്കാൻ പാടില്ല.

iii) ചെക്ക്പോസ്റ്റിലെ നിയമനങ്ങൾ ഗതാഗത കമ്മീഷണർ നടത്തുന്നതായിരിക്കും. ഇതിനായി ഗതാഗത കമ്മീഷണറേറ്റിലെ സീനിയർ എ.ഒ, ലാ ഓഫീസർ, ചെക്ക്പോസ്റ്റിന്റെ നിയന്ത്രണമുള്ള ബന്ധപ്പെട്ട ആർ.ടി.ഒ എന്നിവർ ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിക്കുക. ടി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആണ് ഗതാഗത കമ്മീഷണർ നിയമനങ്ങൾ നടത്തേണ്ടത്.

iv) വിജിലൻസ് പരിശോധനയിലെ ശിപാർശയുടെ അടിസ്ഥാനത്തിലോ മറ്റേതെങ്കിലും വകുപ്പിലെ പരിശോധനയുടെ അടിസ്ഥാനത്തിലോ ഒരു ഉദ്യോഗസ്ഥനെ ചെക്ക്പോസ്റ്റിൽ നിന്ന് മാറ്റിനിർത്തേണ്ടിവന്നാൽ ഒരു താല്ക്കാലിക നടപടി എന്ന നിലയിൽ ബന്ധപ്പെട്ട ആർ.ടി.ഒ.യ്ക്ക് ആ ചെക്ക്പോസ്റ്റിൽ പകരം തത്തുല്യ പദവിയിലുള്ള ഒരാളെ നിയോഗിക്കാവുന്നതാണ്. എന്നാൽ ഈ നടപടി അടിയന്തരമായി മേൽ പരാമർശിച്ചിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയ്ക്ക് വച്ച് അംഗീകാരം തേടി ഗതാഗത കമ്മീഷണറുടെ സാധൂകരണം വാങ്ങേണ്ടതാണ്. അനുകമ്പാർഹമായ സാഹചര്യങ്ങളിൽ ഏതെങ്കിലും ഉദ്യോഗസ്ഥന് ചെക്ക്പോസ്റ്റ് ഡ്യൂട്ടി ചെയ്യുന്നതിന് തടസ്സം നേരിട്ടാൽ അക്കാര്യം ഉടൻതന്നെ ബന്ധപ്പെട്ട ആർ.ടി.ഒ-യെ അറിയിക്കേണ്ടതാണ്. അത്തരം അവസരങ്ങളിൽ അവിടെ കളങ്കരഹിതമായ സേവന ചരിത്രമുള്ള തത്തുല്യ പദവിയിലുള്ള ഉദ്യോഗസ്ഥനെ താല്ക്കാലികമായി ആർ.ടി.ഒ. നിയോഗിക്കേണ്ടതാണ്. അക്കാര്യം അന്നേദിവസം തന്നെ ഗതാഗത കമ്മീഷണറെ

അറിയിക്കേണ്ടതുമാണ്.

v) ചെക്ക്പോസ്റ്റിൽ നിയമിക്കുന്നതിനായി ബന്ധപ്പെട്ട ആർ.റ്റി.ഒ യുടെ കീഴിൽ മതിയായ എണ്ണം ഉദ്യോഗസ്ഥർ ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ പ്രയോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻ മേഖല അടിസ്ഥാനത്തിൽ (zone) കളങ്കരഹിതമായ സേവന ചരിത്രം ഉള്ള ഉദ്യോഗസ്ഥരുടെ ഒരു വർഷ കാലാവധിയുള്ള പട്ടിക ഗതാഗത കമ്മീഷണറേറ്റിൽ തയ്യാറാക്കി വയ്ക്കേണ്ടതാണ്. ബന്ധപ്പെട്ട RTO -യുടെ കീഴിലുള്ള ചെക്ക്പോസ്റ്റിൽ നിയമിക്കാൻ ഉദ്യോഗസ്ഥരുടെ ദൗർലഭ്യം ഉണ്ടായാൽ അതിൽനിന്ന് ചെക്ക്പോസ്റ്റ് ഡ്യൂട്ടി ചെയ്യാൻ സന്നദ്ധതയുള്ള ഉദ്യോഗസ്ഥരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ നിയമിക്കേണ്ടതാണ്. അതിനായി ടി ലിസ്റ്റിൽ നിന്നും കമ്മിറ്റി നിയമനം നടത്തുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കേണ്ടതാണ്. സോണിൽ സന്നദ്ധതയുള്ള ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ അവരെ നിയമിക്കുന്നതാണ്. സന്നദ്ധതയുടെ അടിസ്ഥാനത്തിലല്ല നിയമിക്കുന്നതെങ്കിൽ ചെക്ക്പോസ്റ്റിലെ സേവന കാലം ഔട്ട് സ്റ്റേഷൻ സർവ്വീസായി പരിഗണിക്കേണ്ടതാണ്.

5.ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും പരിശോധനകൾ നടത്തേണ്ട വിധവും ഉദ്യോഗസ്ഥരുടെ ചുമതലകളും സംബന്ധിച്ച് പരാമർശം 4-ലെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

6.പരാമർശം 1, 2 എന്നീ സർക്കാർ ഉത്തരവുകൾ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.ആർ.ജ്യോതിലാൽ

സെക്രട്ടറി

ഗതാഗത കമ്മീഷണർ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: ബഹു.ഗതാഗത വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ